**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5183** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂമി തരം മാറ്റത്തിനുള്ള ഫീസ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കാലയളവിൽ തരം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ 2023 ജനുവരി 31 വരെ ഭൂമി തരം മാറ്റത്തിനുള്ള ഫീസ് ഇനത്തിൽ 986.23 കോടി രൂപ ലഭിച്ചിട്ടുണ്ട്.<br><br>ഭൂമി തരം മാറ്റത്തിനുള്ള 226901 ഓഫ് ലൈൻ അപേക്ഷകളിൽ 216679 അപേക്ഷകൾ 07.03.2023 വരെ തീർപ്പാക്കിയിട്ടുള്ളതാണ്. 10222 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. കൂടാതെ, 225986 ഓൺ ലൈൻ അപേക്ഷകളിൽ 29350 അപേക്ഷകൾ 07.03.2023 വരെ തീർപ്പാക്കിയിട്ടുള്ളതാണ്. 196636 ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ